# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 854 — 07.02.2013 ൽ മറുപടിയ്ക്ക്

## മൈനർ ഇറിഗേഷൻ വാട്ടർ ബോഡീസിനുള്ള ബഡ്ജറ്റ് വിഹിതം

| ചോദ്യം<br>ശ്രീ. വി. ശശി | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) 13-ാം ധനകാര്യ കമ്മീഷൻ മൈനർ ഇറിഗേഷനിലെ വാട്ടർ ബോഡീസിനുവേണ്ടി 2011-12 ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുക എത്രയാണ്; | (എ) 12.50 കോടി രൂപ. |
| (ബി) ഇതിൽ എന്തുതുക ചെലവഴിച്ചു ; തുക പൂർണ്ണമായി ചെലവഴിച്ചില്ലായെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണത്തിനായി 2011-15 കാലഘട്ടത്തിലേയ്ക്ക് 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2011-12-ൽ 13.52 കോടി രൂപയും 2012-13-ൽ 9.03 കോടി രൂപയും ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കാനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ആയതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന പ്രോജക്ടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ നെയ്യാർ, പള്ളിക്കൽ, ഇത്തിക്കര, കല്ലട, പമ്പ, മീനച്ചിൽ, പെരിയാർ, മൂവാറ്റുപുഴ, ചാലക്കുടി, ഭാരതപ്പുഴ, കബനി, ചാലിയാർ, കടലുണ്ടി, മാഹി, കുറ്റിയാടി, കോരാപ്പുഴ തുടങ്ങിയ നദീതടങ്ങളിൽ ഉൾപ്പെടുന്ന 103 കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ